## Weekly Devotion - May

# Evaluation of God - Stage (7)

## (ദൈവീക മൂല്യനിർണ്ണയം- ഘട്ടം (7)




ഒരിക്കൽ പ്രശസ്തനായ ഒരു പിയാനോ കലാകാരന്റെ പരിപാടി നടക്കുന്ന ഹാളിലേക്ക് ഒരു അമ്മ തന്റെ പിയോനോ അറിയാവുന്ന ബാലനുമായിപോയി. അമ്മ പരിചയക്കാരോട് സംസാരിക്കുന്നതിനിടയിൽ മകൻ സ്റ്റേജിലേക്ക് ഓടിക്കയറി പിയാനോ വായിക്കുവാൻ തുടങ്ങി. ആളുകൾ ബഹളം വച്ചു സംഘാടകർ ഇടപെട്ടു. ബഹളംകേട്ട് അവിടെ എത്തിയ സംഗീതജ്ഞൻ അവനെ തലോടി വായന തുടരുവാൻ പ്രോത്സാഹിപ്പിച്ചു. മാത്രമല്ല മറ്റൊരു പിയാനോയിൽ അദ്ദേഹവും അവനോടൊപ്പം ചേർന്നു. ഒരു മണിക്കൂർ നല്ലൊരു സംഗീതമഴ പെയ്തിറങ്ങി. ജനം സന്തുഷ്ടരായി. മറ്റുള്ളവരെ വളർത്തുന്നവർ ഭാവി സൃഷ്ടിക്കും. മറ്റുള്ളവർക്ക് പ്രചോദനം നൽകുന്നവരാണ് പ്രതിഭകൾ. ചിലർ മറ്റുള്ളവരെ സഹായിക്കുന്നതിൽ തണുപ്പൻ മനോഭാവമുള്ളവരാണ്. ചിലർ സഹായിക്കുന്നില്ല എന്നു മാത്രമല്ല അവരുടെ കഴിവിനെ ഇല്ലാതാക്കുന്നവരാണ്. ഇവിടെ നല്ലവനായ സംഗീതജ്ഞൻ ബാലനെ പ്രോത്സാഹിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു. അദ്ദേഹമത്രെ യഥാർത്ഥ ജയാളി.

ഏഴാംഘട്ട മൂല്യനിർണ്ണയത്തിന് വിധേയരായത് ലവൊദിക്യ സഭക്കാരാണ്. (Look വെളി 3 ന്റെ 14-21)

ഈ പട്ടണം ജൗളിത്തരങ്ങൾക്കും , കണ്ണിലെ ലേപനത്തിനും പ്രസിദ്ധമാണ്. ലൗകീകമായി വളർന്നവർ ആത്മീയമായി തളർന്നവരാണ്.അതിനാൽ മൂല്യ നിർണ്ണയം ചെയ്ത ഗുരുവിന് ഒരു നന്മയും ഈ സഭയെപ്പറ്റി പറയുവാനില്ലായിരുന്നു. ഈ സഭ ആത്മീയ അന്ധത (ആത്മീയ നേതൃത്വം നഷ്ടമാക്കിയ) യുള്ള സഭയായി മാറി. ജനനേതൃത്വത്തിൽ മുൻപോട്ടു പോയപ്പോൾ സഭ തോറ്റ് തുന്നംപാടി. അഥവാ അധഃപതിയ്ക്കുവാൻ ഇടയായി.

ഏഴാംഘട്ടത്തിൽ മൂല്യനിർണ്ണയം നടത്തുന്ന ഗുരുവിന് മൂന്ന് പ്രത്യേകതകളുണ്ട്. (വെളി:3:14). ഒന്നാമതായി അദ്ദേഹം വിശ്വസ്തനും, സത്യവാനുമായ

സാക്ഷിയാണ്. സത്യസാക്ഷി, ദൃക്സാക്ഷിയും താൻ കണ്ടത് പറയുവാൻ തന്റേട മുള്ളവനുമായിരിക്കും. സത്യസാക്ഷി കാലുമാറുന്നവനാകയില്ല, വിശ്വസ്തനായിരി ക്കും. രണ്ടാമതായി ദൈവസൃഷ്ടിയുടെ ആരംഭമായവനാണ്, അതായത് സക ലവും അവൻ മുഖാന്തിരം ഉളവായി. ഉളവായതൊന്നും അവനെക്കൂടാതെ ഉളവാ യതുമല്ല. (യോഹ:1:3) മൂന്നാമതായി "ആമേൻ" എന്നുള്ളവനാണ് അദ്ദേഹം. അദ്ദേഹം ആമേൻ ആകുന്നു എങ്കിൽ അവന്റെ പ്രസ്താവനകൾ വിശ്വസിക്കത്ത ക്കതാണ്. അതായത് ആശ്രയിപ്പാൻ ഈ ഗുരു യോഗ്യനാണ്. പക്ഷേ ഈ ദേശ ക്കാർ യോഗ്യനായ ഈ ഗുരുവിനെ മറന്ന് ജനത്തിന്റെ വാക്കു കേട്ട് തോൽവി ഏറ്റുവാങ്ങിയവരാണ്.

വിദ്യാവിഹീനർ (ചിലരെങ്കിലും) ഭരണത്തിൽ പങ്കാളികളാകുന്ന അവസ്ഥ അഭ്യസ്തവിദ്യരായ ഉദ്യോഗസ്ഥർക്ക് ഒരു തലവേദനയാണ്. നമ്മുടെ നാട്ടിൽ വിദ്യ യില്ലാതെ അഭ്യാസം കാട്ടുന്ന ഭരണകർത്താക്കൾ , കഷ്ടപ്പെട്ട് പഠിച്ച് ഉന്നതനില യിലെത്തിയ പഠിതാക്കളെ , ഉദ്യോഗസ്ഥരെ ചവിട്ടിതേയ്ക്കുന്ന സങ്കടകരമായ കാഴ്ചയാണ് ജനം കാണുന്നത്. പരിജ്ഞാനമില്ലാത്ത ഇവർ (ഭരണകർത്താക്കൾ) തോറ്റവരാണെങ്കിലും ജയാളികളെന്നാണ് ഭാവം. ദൈവം ഇവരെ ഉമിണ്ണുകളയും . ആത്മീയകണ്ണ് കുരുടായ ഇവരോട് ജയിക്കുവാൻ കർത്താവിൽ നിന്ന് ആത്മീയ ലേപനം വാങ്ങുവാൻ മുന്നറിയിപ്പ് നൽകുന്നു. അവരുടെ ആത്മീയ നഗ്നത മാറ്റു വാനുള്ള വെള്ളയുടുപ്പ് കർത്താവിനോട് വാങ്ങുവാനും ആവശ്യപ്പെടുന്നു. യെറു ശലേമിൽ നിന്ന് യെരിഹോവിലേക്ക് പോയ വ്യക്തിയ്ക്ക് കള്ളൻമാരാൽ വസ്ത്രം നഷ്ടപ്പെട്ടു, പക്ഷേ കാഴ്ച നഷ്ടമായില്ല. എന്നാൽ ഈ സഭക്കാർക്ക് രണ്ടും നഷ്ടമായി. പക്ഷേ തങ്ങൾക്ക് എല്ലാം ഉണ്ടെന്നും സമ്പന്നരാണ് എന്നാണ് അവ രുടെ വിചാരം. പ്രീയരേ ! ലോകജനത്തിന്റെ സമ്പന്നത ദ്രവിച്ച് പുഴു അരിച്ച് പോകും. അതിനാൽ ആത്മീയ സമ്പന്നത പ്രാപിക്കേണ്ടത് അത്യാവശ്യമാണ്.

ഗുരുക്കൻമാർ പഠിക്കാത്തവരെ തല്ലുന്നതും വഴക്കുപറയുന്നതും അവർ ജയിച്ചുകാണുവാനാണ്. ഇതുപോലെ ആത്മീയഗുരു നമ്മെ ശാസിക്കുന്നതും ശിക്ഷിക്കുന്നതും വീണ്ടും ജനനാനുഭവത്തിൽ വരുവാനാണ്.
ഹൃദയവാതിൽ തുറന്നുകൊടുത്താൽ അദ്ദേഹം ഉള്ളിൽ വന്ന് നമ്മെ ആ സഹ വർത്തിത്വം മൂലം ജയാളി ആക്കുന്നു.

ജയിക്കുന്നവന് ക്രിസ്തുവിനോടൊപ്പം സിംഹാസനത്തിലിരിപ്പാനുള്ള വരം ലഭിക്കുന്നു. eg: ഫറവേൻ യോസഫിനെ ഇഷ്ടപ്പെട്ടു. എന്നിട്ടും രണ്ടാം സ്ഥാനമേ നൽകിയുള്ളൂ. സ്വന്തം സിംഹാസനം നൽകിയില്ല. എന്നാൽ കർത്താവ് ജയിക്കു ന്നവനെ തന്നോടൊപ്പം സിംഹാസനത്തിലിരുത്തുന്നു. ലോകത്തിൽ പദവികൾ പലതാകാം. എന്നാൽ ദൈവസന്നിധിയിൽ ജയാളികളായ നാം ദൈവമക്കളും മണവാട്ടികളുമാണ്. ജയാളികളായി ഉന്നതപദവികളും പ്രതിഫലങ്ങളും വാങ്ങു വാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

**ശാന്തമ്മ വർഗ്ഗീസ്**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59-JJX2dk_wuLkKT2hE0tg